## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 4344 — 24.10.2016 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണം

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) നെല്ല് സംഭരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) 2016-17 സീസണിലെ നെല്ല് സംഭരണത്തിനായി 2016 ആഗസ്റ്റ് 1-ാം തീയതി മുതൽ ഓൺലൈൻ കർഷക രജിസ്ട്രേഷൻ ആരംഭിക്കുകയും, 2016 സെപ്റ്റംബർ 21-ാം തീയതി മുതൽ നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തു. നാളിതുവരെ 66642 കർഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന 11 മില്ലുകളും, എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന 31 മില്ലുകളും നെല്ല് സംഭരണത്തിനായി സപ്ലൈകോയുമായി ധാരണാ പത്രം ഒപ്പ് വച്ചിട്ടുണ്ട്. |
| (ബി) ഏതൊക്കെ ഏജൻസികളെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) നെല്ല് സംഭരണത്തിനായി സപ്ലൈകോയെ ആണ് നിർവഹണ ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) നെല്ല് സംഭരിച്ച ഇനത്തിൽ മുൻസർക്കാരിന്റെ കാലത്ത് എന്തു തുകയാണ് കർഷകർക്ക് കുടിശ്ശികയായി നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) 2015-16 രണ്ടാം സീസണിൽ നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് നിലവിൽ കുടിശ്ശികയൊന്നും തന്നെയില്ല. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെല്ല് സംഭരണത്തിന് എന്തു തുക അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെല്ല് സംഭരണത്തിനായി 600 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ 169.97 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ